10

# “പൂർണ്ണരാകുവിൻ”, 2

ദൈവം നമ്മെ സ്വർഗ്ഗത്തിലേക്ക് എടുക്കുവാൻ ശ്രമിക്കുകയല്ല ചെയ്യുന്നത്; അവൻ സ്വർഗ്ഗം നമ്മിലേക്ക് വരുവാൻ പ്രവർത്തിക്കുകയാണ്. നമ്മെ നരകത്തിൽ നിന്ന് അകറ്റുവാനല്ല ദൈവം ശ്രമിക്കുന്നത്; നമ്മിൽ നിന്ന് നരകത്തെ അകറ്റുവാനാണ് അവൻ ശ്രമിക്കുന്നത്. “നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല” (റോമർ 3:10); “എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി തീർന്നു” (റോമർ 3:23). എനിക്ക് പൂർണ്ണനാകുവാൻ കഴിയുകയില്ല, എങ്കിലും ഞാൻ പൂർണ്ണനാകുവാൻ ദൈവം ആവശ്യപ്പെടുന്നു! ജഡത്താൽ ആരും പൂർത്തി പ്രാപിക്കുന്നില്ല (ഗലാത്യർ 3:3). മലമ്പ്രസംഗത്തിൽ, യേശു പറഞ്ഞു നമുക്ക് ജീവിതം *നേടി* എടുക്കുവാൻ സാധ്യമല്ല എന്നാൽ ജീവിതം *ലഭിക്കുവാൻ* കഴിയും എന്നാണ്. *ദൈവത്തിന്ന് മഹത്വം ഉാകട്ടെ!* ജീവിതം *നേടിയെടുക്കുവാൻ* ശ്രമിച്ച പൗലൊസിന്ന് കിട്ടിയത് നിരുത്സാഹമായിരുന്നു (റോമർ 7). ജീവിതം *കിട്ടിയ*തിൽ അവൻ സന്തോഷവാനായി (റോമർ 8). ദൈവത്തോടുകൂടി നടക്കുന്ന ഒരു മനുഷ്യനെ നിങ്ങൾക്ക് പരാജയപ്പെടുത്തുവാൻ സാധ്യമല്ല!

### **മനോഗുണങ്ങൾ**

പരിചയമുള്ള വാക്യങ്ങൾ അതീവശ്രദ്ധയോടെ വായിക്കണം. നാം പൂർണ്ണരാകുവാൻ യേശു പറയുന്നതിനു മുൻപ് (മത്തായി 5:48), അവൻ പറഞ്ഞു, “ആകയാൽ ...” നാം പൂർണ്ണരാകേതിന്റെ കാരണം അവൻ മുൻപു പഠിപ്പിച്ചതാണ് – അതായത് മനോഗുണങ്ങളും, “അനുഗ്രഹീതൻ” ആകുവാനുള്ള മാർഗ്ഗ രേഖകളും. “ഹാപ്പി” എന്നതിന്റെ തർജ്ജിമയോടു യേശു ഉപയോഗിച്ച വാക്കിനെ ചില തർജ്ജിമകളിൽ വിലകുറച്ചു കാണിച്ചിട്ടു്. ഇന്ന് ആളുകൾക്ക് ആവേശവും, വിനോദവും, “സന്തോഷങ്ങളും കളികളും” ആവശ്യമാണ്. യേശു ഉപയോഗിച്ച വാക്കിന്റെ അർത്ഥം “ദൈവീക അനുഗ്രഹം” എന്നാണ്. യേശു തന്നെ “വഴിയും, സത്യവും, ജീവനും” ആകുന്നു (യോഹന്നാൻ 14:6). യേശു മനോഗുണങ്ങളിൽ തന്നെ പരിചയപ്പെടുത്തി. അവ ഒന്നുതന്നെയാണ്: യേശുവാണ് മനോഗുണങ്ങൾ; മനോഗുണങ്ങളാണ് യേശു. ആ സ്വഭാവങ്ങൾ ദൈവത്തിന്റെ സ്വഭാവത്തിൽ വേരൂന്നിയിരിക്കുകയും, അവ ക്രമമുള്ളതായി കാണുകയും ചെയ്യുന്നു: ആത്മാവിൽ ദരിദ്രരായവർ, കരയുന്നവർ, സൗമ്യതയുള്ളവർ, ദൈവത്തിനുവേി വിശപ്പുള്ളവർ, കരുണയുള്ളവർ, ഹൃദയശുദ്ധി ഉള്ളവർ എന്നിവയാണ് അവ. ഈ ഗുണങ്ങൾ പൂർണ്ണരായിരിക്കുവാനുള്ള അടിസ്ഥാന കാരണമാണ്.

“ആത്മാവിൽ ദരിദ്രൻ” ആയിരിക്കുക എന്നത് സ്വയം ത്യജിക്കുന്നതും, സ്വയം മരിക്കുന്നതുമാണ്. നാം പൂർണ്ണരാകുന്നതിനു മുൻപ്, നമ്മുടെ സ്വയത്തെ നാം പരിത്യജിക്കണം. ദൈവത്തിനു ചെയ്യാൻ കഴിയാത്ത കാര്യങ്ങളു്. നിറച്ചുള്ളതിൽ അവന് നിറയ്ക്കുവാൻ കഴിയുകയില്ല. ശൂന്യമായതിൽ മാത്രമേ അവന് നിറയ്ക്കുവാൻ കഴിയുകയുള്ളൂ. യേശു പറഞ്ഞു, “തന്റെ

ജീവനെ കത്തെിയവൻ അതിനെ കളയും" (മത്തായി 10:39). നമുക്ക് കൈവശമുള്ളതിനെ നൽകുവാനാണ് ദൈവം ആവശ്യപ്പെടുന്നത് - നമ്മെത്തന്നെ. നാം അവസാനം നൽകുന്നതും അതുതന്നെ. നാം പലതും നൽകിയേക്കാം (അങ്ങനെ യുള്ള ഒരു ശ്രമത്തെ വിളിച്ചിരിക്കുന്നത് നൽകൽ എന്നാണ്), എന്നാൽ നാം നമ്മെ നൽകുന്നില്ല. എന്തുകൊണ്ട് പരാജിതരായ മിഷ്ണറിമാർ കൈപ്പോടെ മടങ്ങുന്നത്? അവരുടെ വസ്തുക്കളെ അവർ നൽകി, എന്നാൽ തങ്ങളെത്തന്നെ നൽകിയില്ല. നാം ഉത്തവസ്ഥാനത്ത് സ്വതന്ത്രരായി ല്ലെങ്കിൽ നമുക്ക് സ്വാതന്ത്ര്യം ലഭിക്കയില്ല. നുറുങ്ങപ്പെട്ട ഒരു മനുഷ്യനെ നുറുക്കുവാൻ നിങ്ങൾക്കു സാധ്യമല്ല; മരിച്ച ഒരു മനുഷ്യനെ നിങ്ങൾക്കു കൊല്ലുവാനും കഴിയുകയില്ല. പൗലൊസ് ദിവസേന മരിച്ചിരുന്നു (1 കൊരിന്ത്യർ 15:31). മരിച്ച മനുഷ്യൻ എന്താണാഗ്രഹിക്കുന്നത്? ഒന്നും! വൈപരീത്യമായി, വിശ്വസ്തനായ ക്രിസ്ത്യാനിക്ക് *ഒന്നും* കൈവശമാക്കുവാൻ കഴിയുകയില്ല എങ്കിലും അവന് *എല്ലാം* കൈവശമാക്കുകയും ചെയ്യുന്നു (2 കൊരിന്ത്യർ 6:10)!

### ക്രിസ്തുവാണ് നമ്മുടെ വിശ്വാസം

നാം അപൂർണ്ണരാണ്; നമ്മുടെ വിശ്വാസം പൂർണ്ണതയിൽ (ക്രിസ്തു) അത്രേ. നമ്മുടെ വിശ്വാസം പൂർണ്ണമല്ല; എന്നാൽ നമ്മുടെ വിശ്വാസലക്ഷ്യം പൂർണ്ണമാണ്. പൗലൊസ് തന്റെതായ നീതി ആഗ്രഹിച്ചില്ല, എന്നാൽ വിശ്വാസമുള്ള നീതിയാണ് ആഗ്രഹിച്ചത് (ക്രിസ്തുവിന്റെ നീതി; ഫിലിപ്പിയർ 3:7-10). ദൈവം നമ്മുടെ പാപം യേശുവിൽ ചുമത്തി; ദൈവം അവന്റെ നീതി നമ്മിൽ ചുമത്തി. അതാണ് സുവിശേഷം. *അത്ഭുതകരമായ കൃപ!* ദൈവം പാപത്തിൻമേലുള്ള തന്റെ ക്രോധം ക്രിസ്തുവിൽ ആക്കി (2 കൊരിന്ത്യർ 5:17-21). ക്രൂശിൽ യേശു തന്റേതല്ലാത്ത പാപം ഏറ്റെടുത്തു.

> യേശു തന്റെ ജീവൻ നമുക്കു*വേ 1* നൽകി -
> അങ്ങനെ അവന് തന്റെ ജീവൻ നമു*ക്കായി* നൽകുവാൻ കഴിഞ്ഞു -
> അങ്ങനെ അവന് തന്റെ ജീവിതം നാം *മുഖാന്തരം* ജീവിക്കുവാൻ കഴിഞ്ഞു!

ദൈവം കാൽവരിയിൽ യേശുവിലൂടെ ചെയ്തതിനോടുള്ള നമ്മുടെ പ്രതികരണമാണ് വിശ്വാസം. മനുഷ്യൻ പാപത്തിൽ നഷ്ടപ്പെട്ടവനും തനിക്ക് സ്വയമായി രക്ഷിക്കപ്പെടാൻ കഴിയാത്തവനും ആയിരുന്നു. മനുഷ്യനു ചെയ്യുവാൻ കഴിയാതിരുന്നതിനെ, ദൈവം മനുഷ്യനിൽ ചെയ്തു. വിശ്വാസം നമ്മെ *അവന്റെതാക്കി* മാറ്റുന്നു! "അവൻ എന്റേതും ഞാൻ അവന്റേതും!" ക്രിസ്തുവി*ന്റേതായതും,* ക്രിസ്തു*വിനാലു ള്ളതും*, ക്രിസ്തുവിനു*വേ 1യുള്ളതും*, ക്രിസ്തുവിന്റെ നാമ*ത്തിൽ* ഉള്ളതുമായ എന്തും *തികവുള്ള*താണ്! അത് നാം കാരണമല്ല, അവൻ കാരണമത്രെ ആകുന്നു. യേശു ഒരു ജീവിതത്തെ എടുത്ത്, തന്റെ രക്തത്തിൽ കഴുകുകയും, അതിനെ ദൈവത്തിന് കൊടുക്കുകയും ചെയ്യുമ്പോൾ, അത് *പൂർണ്ണമാണ്* (എബ്രായർ 10:14). വിശ്വാസജീവിതം നമുക്ക് നിത്യജീവൻ *നൽകുക*യില്ല - *അതാണ്* നിത്യജീവൻ. "എന്നിൽ" ആദ്യം ഓരോരുത്തരും തുടങ്ങണം. എന്നെ പൂർണ്ണതയുള്ളതാക്കി തീർ ക്കുവാൻ തടസ്സമായിട്ടുള്ളതിനെ വെറുത്തു, മാനസാന്തരപ്പെട്ട്, ഏറ്റു പറഞ്ഞ്, വിട്ടുകളയേതാണ്. യേശു പറഞ്ഞു, "എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ

കഴിയുകയില്ല" (യോഹന്നാൻ 15:5); "എന്നിൽ വസിപ്പിൻ, എന്നാൽ ഞാൻ നിങ്ങളിൽ വസിക്കും" (യോഹന്നാൻ 15:4; വാ. 5 കൂടെ നോക്കുക). ക്രിസ്തു എന്നിൽ രൂപപ്പെടുന്നുവോ? വിശ്വാസം നമ്മിൽ *വിവരം നൽകുക* മാത്രമല്ല, അത് നമ്മെ *രൂപാന്തരപ്പെടുത്തുകയും* ചെയ്യുന്നു.

"പൂർണ്ണരാകുവിൻ."[1]

**************

# ആരാധന

## മത്തായി 15:1-14

> "സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക രിക്കുന്ന, നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു; തന്നെ നമസ്കരി ക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണമെന്ന് പിതാവ് ഇഛിക്കു ന്നു. ദൈവം ആത്മാവാകുന്നു, അവനെ നമസ്കരിക്കുന്നവർ ആത്മാ വിലും സത്യത്തിലും നമസ്കരിക്കണം" *(യോഹന്നാൻ 4:23, 24).*

നമസ്ക്കാരം! മനുഷ്യൻ നമസ്കരിക്കണം. തങ്ങൾ അറിഞ്ഞാലും ഇല്ലെങ്കിലും, എല്ലാവരും നമസ്കരിക്കുന്നു്. ആരാധിക്കാത്ത ഒരു സമൂഹവുമില്ല. ദൈവം മനുഷ്യരെ സൃഷ്ടിച്ചത് അവനെ ആരാധിക്കുവാനാണ്. ഒരു സമയത്തേക്കുവേയല്ല ദൈവം മനുഷ്യരെ സൃഷ്ടിച്ചത്, എന്നാൽ നിത്യതക്കുവേയാണ്. തെറ്റായ ദൈവത്തെ ആരാധിക്കുന്നതാണ് വിഗ്രഹാരാധന. വിഗ്രഹാരാധന *ശരിയായ* ദൈവത്തെ *തെറ്റായ* രീതിയിൽ ആരാധിക്കുന്നതുമാകാം. എല്ലാവരും എന്തിനെയെങ്കിലും ആരാധിക്കുന്നു: കായികവിനോദം, വിജയം, അഹങ്കാരം, കുടുംബം, തമാശ, വ്യാപാരം, വിനോദങ്ങൾ, ലൈംഗികത, പണം, വിദ്യാഭ്യാസം, അല്ലെങ്കിൽ വളരെയധികം താല്പര്യമുള്ള മറ്റേതെങ്കിലും വസ്തു. ജീവിതത്തിലെ വാസ്തവത്തിലുള്ള പ്രശ്നം ആരാധനയല്ല, പിന്നെയോ മനുഷ്യൻ *എന്തിനെ* നമസ്കരിക്കുന്നു എന്നതാണ്. ആളുകളെ ഭക്ഷിപ്പാൻ നിങ്ങൾ പഠിപ്പിക്കേതില്ല - *എന്താണ്* ഭക്ഷിക്കേത് എന്നതുമാത്രമാണ് പഠിപ്പിക്കേത്.

നമ്മുടെ ദിവസേനയുള്ള നടപ്പ് "നമസ്ക്കാര നടപ്പാണ്": "വിശുദ്ധഭൂഷണം ധരിച്ച് അവനെ നമസ്ക്കരിപ്പിൻ" (1 ദിനവൃത്താന്തം 16:29; സങ്കീർത്തനങ്ങൾ 29:2; 96:9). ഒരു ക്രിസ്ത്യാനി അടിമുതൽ മുടി വരെ "ഹല്ലേലുയ്യാ!" ആകണം (1 കൊരിന്ത്യർ 10:31). ദിവസേനയുള്ള നടപ്പിൽ നിർബന്ധമുള്ളതല്ല ആരാധന. "ഇന്ന് എനിക്ക് അങ്ങനെ തോന്നുന്നില്ല!" എന്നു, നമുക്കു പറയാൻ സാധ്യമല്ല. നമുക്കു തോന്നിയാലും ഇല്ലെങ്കിലും, ദൈവം നമ്മുടെ ആരാധനക്കു യോഗ്യനാണ്. നിങ്ങൾക്കു മോശമായ മനോഭാവമുള്ളപ്പോഴും നല്ല മനോഭാവത്തോടുകൂടി ഒരു കാര്യം ചെയ്യണം. നാം ദൈവത്തെ ആരാധിക്കുന്നു; നാം ആരാധനയെ അല്ല ആരാധിക്കുന്നത്. നാം ദൈവത്തെയാണ് ആരാധിക്കുന്നത്; നാം പുകഴ്ച്ചയെ അല്ല ആരാധിക്കുന്നത്. ദൈവം മോശമായ കാര്യങ്ങൾ സംഭവിക്കുമ്പോൾ പോലും, സിംഹാസനത്തിൽ തന്നെയാണ്. ആരാധന എന്നാൽ കടപ്പെട്ടിരിക്കുന്നതു ദൈവത്തിനു നൽകലാണ്. ആരാധനയിൽ

ദൈവം നമുക്ക് എത്രത്തോളം പ്രമുഖനാണെന്ന് നാം പ്രഖ്യാപിക്കുന്നു! *ദൈവം ദൈവമായിരിക്കട്ടെ!*

സഭയിലെ പ്രാഥമികമായ ഘടകം ആരാധനയാണ്. ആരാധിക്കുന്ന ഒരു സമൂഹമാണ് സഭ. സഭ മറ്റെന്തുചെയ്താലും, അതു ആരാധിക്കുന്നു. മൂന്ന് മഹത്തായ വാക്കുകൾ സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു: (1) *വചനം,* (2) *ആരാധന,* (3) *വേല.* അതാണ് ശരിയായ അവയുടെ ക്രമം. *വചനം ആരാധന*യെ കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. *ആരാധന പ്രവർത്തിയെ* പുറപ്പെടുവിക്കുന്നു. ദൈവത്തിൽ-കേന്ദ്രീകരിച്ചുള്ള ആരാധന നമ്മെ നമ്മുടെ സ്വയത്തെ കുറിച്ചുള്ള ചിന്തകളിൽ നിന്ന് മുക്തമാക്കുന്നു. ദൈവം മോശെയോടു പറഞ്ഞു, "നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമി ആകയാൽ, കാലിൽ നിന്ന് ചെരുപ്പ് അഴിച്ചുകളക" (പുറപ്പാട് 3:5). ദൈവത്തെ അറിയുക, ദൈവത്തിൽ വിശ്വസിക്കുക, ദൈവത്തിൽ ആശ്രയിക്കുക, ദൈവത്തെ സ്നേഹിക്കുക, ദൈവത്തെ അനുസരിക്കുകയും ചെയ്യുക! സഭക്ക് ഏറ്റവും ആവശ്യം ദൈവമാണ് – അല്ലാതെ പരാജയപ്പെടുന്ന സാമൂഹിക കാര്യങ്ങളെ രക്ഷിക്കുവാനുള്ള പ്രാധാന്യമില്ലാത്ത, പുതിയ ആശയങ്ങളല്ല. ആരാധന "കളിസ്ഥലമല്ല," അതു "വിശുദ്ധസ്ഥലമാണ്."

## ആരാധനയുടെ ശ്രദ്ധ

*ദൈവം – ദൈവം – ദൈവം!* ആരാധനയുടെ ശ്രദ്ധാ കേന്ദ്രം ദൈവമാണ് (നാം അല്ല). "ദൈവം ദൈവമാണ്, ഞാൻ അല്ല." അപ്പൊസ്തലനായിരുന്ന യോഹന്നാൻ ഒരു ദൂതനെ നമസ്കരിക്കുവാൻ ശ്രമിച്ചപ്പോൾ (രുപ്രാവശ്യം), ദൂതൻ അവനെ ശാസിച്ചുകൊ്, പറയുന്നു, "ദൈവത്തെ ആരാധിക്കുക" (വെളിപ്പാടു 22:9). സഭ ഞായറാഴ്ച്ച കൂടിവരുമ്പോൾ, അറിയിപ്പുകാരൻ പറയണം, "നാം ഇവിടെ ആയിരിക്കുന്നത് ദൈവത്തെ ആരാധിക്കുവാനാണ്." ദൈവസാന്നിധ്യത്തോടുള്ള നമ്മുടെ പ്രതികരണമാണ് ആരാധന. ദൈവമാണ് സദസ്സ്; എന്നാൽ സദസ്സല്ല ദൈവം. ദൈവസാന്നിധ്യത്തിലേക്ക് പ്രവേശിക്കുന്നതാണ് അടിസ്ഥാനപരമായി ആദ്യം ആവശ്യമുള്ളത്. ആരാധന എന്നാൽ, അതുകൊ്, ദൈവത്തെ അഭിമുഖീകരിക്കുക എന്നാണ്. യെശയ്യാവ് 6-ൽ യെശയ്യാവ് സാധാരണ എന്നപോലെ ആരാധിക്കുവാൻ പോയി – എന്നാൽ ഇപ്രാവശ്യം അതു വ്യത്യാസമുള്ളതായിരുന്നു, കാരണം അവൻ ദൈവത്തെ കു! അവൻ ദൈവത്തെ ക്, നമസ്കരിച്ചു. നിങ്ങൾ കാണുമ്പോൾ, നിങ്ങളും നമസ്കരിക്കും! ദൈവത്തെ കാണുവാനല്ല നിങ്ങൾ ആരാധിക്കുന്നത്. നാം ദൈവത്തെ *അറിയുക*യാണ് വേ ത്, അല്ലാതെ *തോന്നുക*യല്ല. നമുക്ക് ദൈവത്തെ അറിയാൻ കഴിയും, പക്ഷെ ഒരു മനുഷ്യനും ദൈവത്തെ അനുഭവപ്പെട്ടിട്ടില്ല. ആരാധന ദൈവത്തെ കാണുന്നതാണ്, അല്ലാതെ വ്യക്തിപരമായ അനുഭവം ലഭിക്കുന്നതല്ല. ദൈവത്തെ ശ്രദ്ധിച്ചുകൊാണ് ആരാധന തുടങ്ങേത്, അല്ലാതെ സംസാരത്താൽ അല്ല. ദൈവത്തെ കാണുക എന്നാൽ അത്ഭുതത്താൽ നിശബ്ദനാകുന്നതും നന്ദിയാൽ സന്തോഷം അതിരു കവിയുന്നതുമാണ്. ഭൂമിയിൽ സംഭവിക്കുന്നതിൽവെച്ച് ഏറ്റവും മഹത്തരവും, നിർണ്ണായകവും, അടിയന്തിരവുമായ പ്രവർത്തിയാണ് ആരാധന. നമുക്ക് ദൈവത്തെ ശരിയായി ലഭിക്കുമ്പോൾ, നമ്മുടെ ആരാധന ശരിയാകുന്നു. അതെല്ലാം ആരംഭിക്കുന്നത് ദൈവത്തോടുകൂടിയാണ്.

അതുകൊ്, സ്വയം ത്യജിക്കുന്നതിൽനിന്ന് മാത്രമേ ആരാധന വരുന്നു

ള്ളൂ. നാം താഴ്മക്കുവേ പ്രാർത്ഥിക്കുന്നു; വാസ്തവത്തിൽ, താഴ്മ നമ്മെ പ്രാർത്ഥിക്കുവാൻ ഇടവരുത്തുന്നു. സ്വാർത്ഥതയുടെ മരണമണിമുഴക്കമാണ് ആരാധന. നിങ്ങൾക്ക് "നിങ്ങളുടെ താഴ്മയിൽ നിഗളിക്കുവാൻ" കഴിയുകയില്ല. നിങ്ങളെത്തന്നെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ നിങ്ങൾക്ക് ദൈവത്തെ ആരാധിക്കുവാൻ കഴിയുകയില്ല. "എനിക്ക്-വേ-എന്താണ്-അതിൽ-ഉള്ളത്?" എന്നത് ആരാധനയല്ല. "എനിക്ക് ഇഷ്ടമാണ്" അല്ലെങ്കിൽ "എനിക്കിഷ്ടമല്ല" എന്ന നിലയി ലേക്ക് ആരാധനയെ താഴ്ത്തുവാൻ സാധ്യമല്ല. സ്വാർത്ഥരായ അംഗങ്ങൾ മാത്രമേ, "എനിക്ക് അതിൽനിന്ന് ഒന്നും കിട്ടിയില്ല" എന്ന് പറഞ്ഞുകൊ് ഉപേക്ഷിച്ചുപോകുന്നുള്ളൂ. അനുഗ്രഹിക്കപ്പെടാതെ ഒരു മനുഷ്യനും ദൈവത്തെ കിട്ടില്ല! ആരാധനയിൽ നിങ്ങൾക്ക് *ലഭിക്കുക*യല്ല, നിങ്ങൾ *നൽകുക*യാണ്! "ചൂടുള്ള രു സ്പൂൺ പദാർത്ഥത്തിന്മേൽ കുറച്ച് വേദശാസ്ത്രം തളിക്കുന്ന" ഒന്നല്ല ആരാധന. മങ്ങിയ വെളിച്ചവും കസേരകളും ഏർപ്പെടുത്തുന്നതല്ല ആരാധന. *ആരാധന വിഡ്ഢിത്തമാക്കരുത്!* ശിശുക്കളിലേക്ക് പകരാവുന്നത്ര അതിവിശുദ്ധമാണ് ആരാധന. ദൈവമഹത്വത്തിന് അല്ലാതെ മറ്റേതൊരുദ്ദേശ ത്തിനും ആരാധനയെ ഉപയോഗിക്കുന്നത് അതിനെ ദുർവിനിയോഗം ചെയ്യുന്നതാണ്. നമ്മുടെ ഇന്നത്തെ ആവശ്യം പഴയതിനോട് പറ്റിച്ചേരുന്നതോ പുതിയതിനെ പരീക്ഷണം നടത്തുന്നതോ അല്ല; നമ്മുടെ ആരാധനയിലും ജീവിതത്തിലും ദൈവത്തിനു മുൻഗണന ഉായിരിക്കുക എന്നതാണ് നമ്മുടെ ആവശ്യം. വിശുദ്ധമായ കാര്യങ്ങളുടെ പ്രാധാന്യത്തെ ചെറുതായി കാണുന്നവർ ആരും ആത്മീയ വളർച്ച നേടുകയില്ല.

### ആരാധനാരീതി

ഇന്നാരാധന പ്രതിസന്ധിയിലാണ്, അതു മൂന്നു കാര്യങ്ങൾ മനസ്സിലാക്കുകയും പരിശീലിക്കുകയും ചെയ്യുന്നതുവരെ തുടരും. ആ വസ്തുതകൾ ഏതെല്ലാം? ആരാധനയിൽ (1) *ഒരു വിശുദ്ധ സമയം*, (2) *ഒരു വിശുദ്ധ സ്ഥലം*, (3) *ഒരു വിശുദ്ധ വഴി* എന്നിവയാണ് ഉൾപ്പെടുന്നത്. ഇവ തള്ളിക്കളയുവാനോ പ്രതിരോധിക്കുവാനോ കഴിയുകയില്ല. "കർത്താവിന്റെ നാൾ" എന്നതിനെ കുറിച്ചു വെളിപ്പാടു പുസ്തകത്തിൽ തുടർച്ചയായി പറയുന്നു്. ഞായറാഴ്ച്ച പ്രത്യേകതയുള്ളതാണ്. സഭ കൂടിവരുന്നത് കർത്തൃദിവസമാണ്. സഭായോഗത്തിനുള്ളതാണ് കർത്തൃമേശ. ഏകാന്തമായി അവിടെയും ഇവിടെയും ഇരുന്ന് വ്യക്തികളാൽ ചെയ്യേ ഒന്നല്ല അത്. പുതിയ നിയമത്തിൽ "കർത്തൃദിവസവും" "കർത്തൃമേശയും" ബന്ധപ്പെട്ടിരിക്കുന്നു - അവ രും വേർപിരിക്കാവുന്നതല്ല! ആ സഭായോഗസമയത്ത് (നിങ്ങൾ "ആരാധനക്കുപോയി"), പ്രത്യേക കാര്യങ്ങൾ ചെയ്യേതായിട്ടു്. അതെ, നാം എല്ലാവരും പുരോഹിതന്മാരാണ്, എന്നാൽ *എപ്പോഴും* നാം പുരോഹിതന്മാരായി പ്രവർത്തിക്കുന്നില്ല. ആരാധന തുടങ്ങുന്നു, പിന്നെ അവസാനിക്കുന്നു. നാം ആരാധിക്കുമ്പോൾ ചില കാര്യങ്ങൾ സംഭവിക്കുന്നു.

നാം ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്നു (യോഹന്നാൻ 4:23, 24). ഇതിൽ *ര ു* കാര്യങ്ങൾ ഉൾപ്പെടുന്നത് മനോഭാവവും പ്രവൃത്തിയുമാണ്. അവയിൽ ഒന്നുകൂടാതെ മറ്റൊന്നുള്ളത് നമ്മുടെ ആരാധനയെ വ്യർത്ഥമാക്കുന്നു. അതിൽ *ഒന്നു* മാത്രമുാവുന്നത് ഒന്നു കിൽ നിയമത്തോടു ഉറച്ചുനിൽക്കുന്നതാണ് അല്ലെങ്കിൽ മത്തരമാണ്. ആരാധനയിൽ *ര ു* കാര്യ

ങ്ങൾ ഉൾപ്പെടുന്നത് ആന്തരികവും ബാഹ്യവുമായതാണ്. നിർവ്വചനത്താൽ, ആരാധന എന്നത് നമ്മുടെ ഹൃദയത്തെ പ്രദർശിപ്പിക്കുന്ന പ്രവർത്തിയാണ്. *നാം* ചെയ്യുന്ന ഒന്നാണ് ആരാധന! ഞായറാഴ്ച്ച സഹോദരങ്ങൾ ചിലതു *ചെയ്യു* വാൻ ഒത്തൊരുമിക്കുന്നു. അവർ വെറുതെ ഇരിക്കുവാൻ വരുന്നതല്ല. "സഭയിൽ" ഉറങ്ങുന്നത് ആരാധനയല്ല. ദൈവം എല്ലായ്പ്പോഴും ആരാധന കൽപിച്ചിട്ടു്. ചില "കാര്യങ്ങൾ" പ്രത്യേകമായി ആരാധനയിൽ സംഭവിക്കണമെന്ന് ദൈവം എല്ലായ്പ്പോഴും പറഞ്ഞിട്ടു്. ആരാധനയിൽ *രീതി* അത്യാവശ്യമാണ്.

ചരിത്രത്തിൽ നടന്ന ആദ്യത്തെ കുലപാതകം ആരാധനാ രീതിയു മായി ബന്ധപ്പെട്ടതാണ്. (കയ്യീന്റെയും ഹാബേലിന്റെയും ഉൽപത്തി 4:3-8 ലെ വിവരണങ്ങൾ വായിക്കുക.) നാഥാബും അബീഹുവും ജീവനോടെ ദഹിച്ചുപോകുവാനുള്ള കാരണം അവർ ആരാധനാരീതി തെറ്റിച്ചതുകൊാണ് (ലേവ്യാപുസ്തകം 10:1, 2). ദൈവം നിർദ്ദേശിച്ച രീതിയെ ലംഘിച്ചതുനിമിത്തമായിരുന്നു ഉസാ നിയമപെട്ടകത്തെ സ്പർശിച്ചു മരണത്തിനിരയായത് (2 ശമുവേൽ 6:3, 6, 7). *ശരിയായ* ദൈവത്തെ നമസ്കരിച്ചാൽ മാത്രം പോരാ. *ശരിയായ* ദൈവത്തെ *ശരിയായി* ആരാധിക്കുകയും വേണം! അല്ലെങ്കിൽ, ദൈവം പറയും, "നിങ്ങൾ എന്നെ വ്യർത്ഥമായി ഭജിക്കുന്നു" (മത്തായി 15:9). പ്രവൃത്തി ഒരിക്കലും രീതിയിന്മേൽ വയ്ക്കരുത്! രീതി കൂടാതെ നിങ്ങൾക്ക് പ്രവർത്തിക്കുവാൻ സാധ്യമല്ല. ശരിയായ രീതി നിങ്ങളെ ശരിയായി പ്രവർത്തിപ്പിക്കുന്നു. എല്ലാം അനുവദനീയമാണോ? ആരാധന ഒരു സർക്കസ് ആണോ? അന്യദേവന്മാരുടെ ആരാധനയിൽ തെറ്റായ ഉദ്ദേശത്തോടെ പ്രവർത്തിക്കുന്നവർ ഉ്. തിരുവെഴുത്തിൽ പുതുമ ഒരിക്കലും ഒരു ഗുണമല്ല. പ്രാഥമിക ഉദ്ദേശത്തിനു മീതെ മറ്റൊരു ഫലം ഉായാൽ ആരാധന ആത്മാർത്ഥമല്ലാതാകുന്നു.

ആരാധനയുടെ "പ്രവർത്തികൾ" പരിഹാസ്യമാക്കപ്പെട്ടിട്ടു്, എന്നാൽ ആരാധനയിലെ പ്രവർത്തികളെ നിങ്ങൾ എന്താണ് വിളിക്കുന്നത്? "പുറത്തേക്കുള്ള-വഴി," "പ്രകടനങ്ങൾ," "ചാനലുകൾ," "മാദ്ധ്യമങ്ങൾ" എന്നിങ്ങനെയാണോ? "പ്രവർത്തികൾ" കൂടാതെ നിങ്ങൾക്ക് ആരാധന സാധ്യമല്ല (നിങ്ങൾക്ക് അതിനെ എന്തുവേണമെങ്കിലും വിളിക്കാം). പുതിയ നിയമത്തിൽ, ക്രിസ്ത്യാനികൾ പാട്ടുപാടി, വചനം പഠിച്ചു, പ്രാർത്ഥിച്ചു, കൂട്ടായ്മ ആചരിച്ചു, ധർമ്മശേഖരം നൽകി, കർത്തൃമേശ ആചരിക്കുകയും ചെയ്തു. അവയെല്ലാം ആരാധനയുടെ "പ്രവൃത്തികൾ" ആയിരുന്നു. തിരുവെഴുത്തുകൂടാതെ നാം വചനപ്രകാരമെന്ന് അവകാശപ്പെടുവാൻ നമുക്കെങ്ങനെ കഴിയും? ആരാധനക്ക് ഊന്നൽ കൊടുക്കുമ്പോൾ നാം "സഭാഹാജറിന്" തെറ്റായി ഊന്നൽ കൊടുക്കുന്നു.

ആരാധന ഒരു ഉൽപ്പന്നമോ, പരസ്പരസമ്മതത്തോടെയുള്ള പദ്ധതിയോ, അല്ലെങ്കിൽ ഒരു പ്രകടനമോ അല്ല. ആരാധന എന്നത് വിനോദമല്ല. വ്യത്യാസം കാണിക്കുന്നത് ഈ ചോദ്യമാണ് "നമ്മുടെ ആരാധന ദൈവത്തെ പ്രസാദിപ്പിക്കുന്നുവോ?" അതോ, പകരം അതു, നമ്മെ പ്രസാദിപ്പിക്കുന്നതാണോ? യെശയ്യാവു 1-ൽ യിസ്രായേല്യരുടെ യാഗങ്ങളെ ദൈവം വെറുത്തിരുന്നതായി പറയുന്നു! അവരുടെ ആരാധന തെറ്റായിരുന്നു. യെശയ്യാവു 2-ൽ ദൈവത്തെ വിട്ട് യിസ്രായേൽ വിഗ്രഹങ്ങളിലേക്ക് തിരിഞ്ഞു എന്നാണ് കാണുന്നത്. അവർ അപ്പോഴും മതപരമായി ജീവിച്ചിരുന്നു, എങ്കിലും അവർ കുറ്റം വിധിക്കപ്പെട്ടിരുന്നു. ആരാധന പങ്കെടുക്കൽ ആവശ്യപ്പെടുന്നു. ആചരിക്കുന്നത്

സൂക്ഷിക്കുന്നവരെ ഉാക്കുന്നു. സഭയിലെ ഉപഭോക്താക്കൾ കൊടുക്കുന്ന വരല്ല, വാങ്ങുന്നവരാണ്. ടെലിവിഷൻ നമ്മുടെ വീടുകളിൽ മതത്തെ നിറ ച്ചിരിക്കുന്നു. സുവിശേഷ പ്രാസംഗികർക്ക് അത്തരം "പ്രദർശന സമയത്തോട്" മത്സരിക്കുവാൻ സാധിക്കുന്നില്ല. നമ്മുടെ റിമോട്ടുപയോഗിച്ച്, നമുക്കു താല്പ ര്യമുള്ളതായ പരിപാടി കാണുന്നതിന് ഒരു ചാനലിൽ നിന്നു മറ്റൊന്നിലേക്ക് മാറ്റി നോക്കാം. ബോറടിക്കുമ്പോൾ, മറ്റൊന്നു നമുക്കു തിരഞ്ഞെടുക്കാം. ടെലി വിഷൻ സഭക്ക് പാരമ്പര്യമില്ല, ഉപദേശമില്ല, നിർദ്ദിഷ്ടക്രമമില്ല, ആത്മീയപ്രാധാ ന്യവും ഇല്ല. ഇതു ദിവസവും കാണുന്നവർ വിചാരിക്കും ഇതാണ് ശരിയായ സഭയെന്ന്. ടെലിവിഷനിലുള്ളതിന് താലന്തും, ആഘോഷവും, ആവേശവു മു്! എന്നാൽ ടെലിവിഷനിൽ ഉള്ളതിന് വേദശാസ്ത്രമോ, ആദരവോ, വിവേ കമോ, മാറ്റമോ, അല്ലെങ്കിൽ ശുദ്ധമായ ആരാധനയോ ഉാവില്ല. ആരാധന അനുഭവങ്ങളെ ആരാധിക്കരുത്! ആരാധന അനുഭവങ്ങളെ ഉാക്കുവാൻ ശ്രമിക്കരുത്. ദൈവത്തെ അന്വേഷിക്കുക; ഭയഭക്തിയോടും ആദരവോടും വിശുദ്ധനായ കർത്താവിന്റെ മുന്നിൽ വണങ്ങുക!

ആരാധനക്ക് (1) *ഒരു വിശുദ്ധ സമയവും,* (2) *ഒരു വിശുദ്ധ സ്ഥലവും,* (3) *ഒരു വിശുദ്ധ വഴിയും* ു്. ദൈവത്തെ ആരാധിക്കുക.

## ആരാധനയുടെ പ്രവർത്തി

ആരാധനക്ക് ശരിയായ രീതിയും തെറ്റായ രീതികളും ു്. ശരിയായ പ്രവൃത്തി ചെയ്യുവാൻ അനുവദിക്കുന്നതാണ് ശരിയായ സമ യത്തും, സ്ഥല ത്തും, രീതിയിലും (വഴി) ഉള്ള ആരാധന. സഭ ചെയ്യുന്ന എല്ലാത്തിലും മുഖ്യ മായതാണ് ആരാധന. ആരാധനയിൽ സഭ സഭ തന്നെയാണ്. ആരാധിക്കാത്ത അംഗങ്ങൾ തൊഴിലില്ലാത്തവരാണ്. ദാഹമുള്ളവർക്കു വേിയാണ് ദൈവം ദാഹിക്കുന്നത്. സാത്താനും നമ്മുടെ ആരാധന ആഗ്രഹിക്കുന്നു്. അവൻ "ഈ ലോകത്തിന്റെ പ്രഭുവാണ്" (2 കൊരിന്ത്യർ 4:4). അവനെ വീണു നമ സ്ക്കരിക്കുവാൻ യേശുവിനെ പിശാച് പരീക്ഷിച്ചിരുന്നു (മത്തായി 4). സഭ ദൈവത്തെ ആരാധിക്കാതെ, മറ്റെന്തു ചെയ്താലും സാത്താനു പ്രശ്നമല്ല. അതുകൊാണ് പിശാച് നമ്മുടെ ആരാധന തടസ്സപ്പെടുത്തുവാൻ കഠിന മായി ശ്രമിക്കുന്നത്. ലോകത്തിനുള്ള ഏക പ്രത്യാശ സഭയാണ്; സഭയുടെ ഏക പ്രത്യാശ ആരാധനയാണ്. ആദ്യസഭ ആരാധിക്കുന്ന സഭയായിരുന്നതു കൊാണ് അവർ ആത്മാക്കളെ നേടിയത്. ഞായറാഴ്ച്ചയിലെ ആരാധനാ സമയം ആഴ്ച്ചയിലെ ഏറ്റവും സ്വാർത്ഥമായ സമയം ആകരുത്. ഇന്നത്തെ ആരാധനയിൽ ആഴമേറിയ നിരീശ്വരത്വം ഒളിച്ചിരിപ്പു്. സ്വയം-സേവിക്കുന്ന ആരാധന ആരാധനയല്ല. ആരാധനയിൽ (അനുഭവങ്ങളിൽ) എനിക്ക് എന്തു സംഭവിക്കുന്നു എന്നു വിലയിരുത്തുന്നതു എന്നെ "ദൈവം" ആക്കുകയാണ്, അല്ലാതെ മനുഷ്യൻ ആക്കുന്നില്ല. സ്വയം-തൃപ്തിപ്പെടുത്തലിനെ ആരാധന യുമായി താരതമ്യപ്പെടുത്തുമ്പോൾ എന്തോ കുഴപ്പം സംഭവിക്കുന്നു. ഉയർന്ന പുകഴ്ച്ചക്കും വിശുദ്ധജീവിതത്തിനുമുള്ള നമ്മുടെ ദൈവത്തിൽ-കേന്ദ്രീകരിച്ച ആഹ്വാനമാണ് ആരാധന. ആരാധനയെ സംബന്ധിച്ചു, ദൈവത്തിനു അതിൽനിന്ന് എന്തു ലഭിക്കുന്നു എന്നോ ആളുകൾക്ക് എന്തു ലഭിക്കുമെന്നോ ആളുകളോടു പറയേതില്ല; ദൈവത്തെ പുകഴ്ത്തേതു ശരി യായതുകൊു അതു ആവശ്യമാണെന്നു മാത്രം പറയുക!

തിരുവെഴുത്തിലെ പരിചയമുള്ള വാക്യങ്ങൾ ഏറ്റവും ശ്രദ്ധയോടെ വായി

ക്കേതാണ്. യോഹന്നാൻ 4:23 വീും വായിക്കുക. “നമസ്ക്കരിക്കുന്നവർ” എന്നതാണ് മുഖ്യ വാക്ക്. നാം കാര്യപരിപാടികൾ മെനഞ്ഞ് മിടുക്കരാകുവാനും, ആരാധന രൂപപ്പെടുത്തുവാനും, ശ്രമിക്കുന്നു. ദൈവം “നമസ്ക്കരിക്കുന്നവരെ” സൃഷ്ടിക്കുന്നു. സത്യ നമ സ്ക്കാരികൾ മാത്രമേ നമസ്ക്കരിക്കുന്നുള്ളൂ. നമസ്ക്കരിക്കുന്നവനിലാണ് നമസ്ക്കാര താക്കോൽ ഉള്ളത്. ധാരാളം അംഗങ്ങളെ ആവശ്യപ്പെടുന്നതുകൊാണ് സഭ പരാജയപ്പെടാത്തത്; അതു പരാജയപ്പെടുന്നുങ്കെിൽ അതിന്റെ കാരണം കുറച്ചു മാത്രം ആവശ്യപ്പെടുന്നതുകൊാണ്. യാദൃശ്ചികമായുാകുന്നതല്ല ആരാധന. “ആരാധന”യിൽ നാം പ്രവർത്തിക്കുകയാണ്. ദൈവം പ്രവർത്തിക്കുന്നതു “നമസ്ക്കരിക്കുന്നവരിൽ” ആണ്. ആരാധനയിൽനിന്നു ആളുകൾക്ക് ഒന്നും കിട്ടാതിരിക്കുന്നതു അവർ ആരാധനയിൽ ഒന്നും നിക്ഷേപിക്കാത്തതുകൊാണ്.

ഇതു ഒരുക്കം ആവശ്യപ്പെടുന്നു. ആഴ്ച്ചയിലെ ഏറ്റവും പ്രധാനപ്പെട്ടതായിരിക്കണം ഞായറാഴ്ച്ചയിലെ സഭായോഗം. അംഗങ്ങൾ അതി നെകുറിച്ച് ആലോചിക്കയും, ദിവസേന പരിഗണിക്കുകയും, പ്രാർത്ഥിക്കുകയും വേണം. ഒരുക്കത്തോടെയാണ് അംഗങ്ങൾ ആരാധനക്കു വരേത്. ആരാധനക്കുള്ള ഒരുക്കത്തിൽ, നിങ്ങളുടെ ശനിയാഴ്ച്ച രാത്രി എങ്ങനെ എന്നു സൂക്ഷിക്കുക! പാപികളെ രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതി അവരെ സത്യനമസ്ക്കാരികളാക്കുവാനാണ്. ആരാധനയിൽ നാം ദൈവസാന്നിദ്ധ്യത്തിനുള്ളവരല്ലെന്നു നമുക്ക് അറിയാം, എങ്കിലും നാം അവിടെ എത്തുന്നു! നമുക്ക് അതിനു യോഗ്യതയില്ല - അതു ദൈവത്തിന്റെ കൃപയാലാണ് നമുക്ക് ലഭിച്ചത്. ആരാധനയെ ഗൗരവമായി കാണുക. ആരോ വീക്ഷിച്ചത്, “നാം നമ്മുടെ ജോലിയെ ആരാധിക്കുകയും, കളിയിൽ പ്രവർത്തിക്കുകയും, ആരാധനയിൽ കളിക്കുകയും ചെയ്യുന്നു.” നാം വെറുതെ രക്ഷിക്കപ്പെടുവാൻ രക്ഷിക്കപ്പെട്ടതല്ല, പിന്നെയോ സേവിക്കുവാൻ രക്ഷിക്കപ്പെട്ടതാണ്. ആത്മിയരായ ആളുകൾ ആരാധനയെ ആത്മിയമാക്കും. സമയവും, പരിശ്രമവും, ത്യാഗവുമാണ് ആരാധന ആവശ്യപ്പെടുന്നത്. ആരാധന പ്രവൃത്തിയാണ്. ആരാധന പങ്കെടുക്കലാണ്. നമ്മിലുള്ള നമ്മെക്കാളും വലിയ ഒന്നിനുവേി നമ്മെ സമർപ്പിക്കുവാൻ കത്തെുന്ന ഒരു മാർഗമാണ് ആരാധന. സഭ അതിനുവേി മാത്രം ജീവിക്കുന്നതാണെങ്കിൽ അതു നിർജീവമായിരിക്കും.

ദൈവവചന സത്യം പഠിക്കുന്നതിന്റെ ഫലമായുാകുന്നതാണ് ആരാധന! ഉയർന്ന ആരാധനയുടെ ഫലമായുാകുന്നതല്ല ബൈബിൾ പരമായ അജ്ഞത. ബൈബിൾ പ്രസംഗത്തിൽനിന്നു മാത്രമേ ആഴമേറിയ ആരാധന വരുന്നുള്ളൂ. ഞാൻ എങ്ങനെ ജീവിക്കുന്നു എന്നത് ഞാൻ ദൈവത്തെ കുറിച്ചു എന്തു വിശ്വസിക്കുന്നു എന്നതിന്റെ സാക്ഷ്യമാണ്. നാം എന്തു വിശ്വസിക്കുന്നു എന്നതാണ് നമ്മുടെ പ്രവൃത്തിയെ നിർണ്ണയിക്കുന്നത്. യഥാർത്ഥ ലോകത്തിനുവേി നമ്മെ ഒരുക്കുന്നതാണ് സത്യനമസ്ക്കാരം. ഏറ്റവും നല്ല സ്വകാര്യജീവിതത്തെ പുറപ്പെടുവിക്കുന്നതാണ് ഏറ്റവും നല്ല പരസ്യാരാധന. ഒരു സഭായോഗത്തിന്റെ ആരാധനയെ എങ്ങനെയാണ് ഒരാൾ വിലമതിക്കുന്നത്? ഒരു നല്ല ക്രിസ്ത്യാനിയെ പുറപ്പെടുവിക്കുന്നതിനാൽ! ദൈവത്തോടുകൂടിയുള്ള നമ്മുടെ ദിവസേനയുള്ള നടപ്പിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ദൈവത്തോടുള്ള സ്നേഹബന്ധമാണ്. ആരാധനയിൽ നാം അദൃശ്യമായതിനെ കാണുവാനും, അറിയാത്തതിനെ അറിയുവാനും, മനസിലാകാതിരുന്നതിനെ മനസിലാക്കുവാനും, നിത്യമായതിനെ അനുഭവിക്കുവാനും ശ്രമിക്കുന്നു.

നാം ആരാധിക്കുന്നവനെപോലെ ആയിത്തീരുന്നു. വിഗ്രഹത്തെ ആരാധിക്കുന്നത് നമ്മെ സ്വാർത്ഥരും അധാർമ്മികരും ആക്കുകയേയുള്ളൂ. ആരാധനാസ്വഭാവത്തിൽനിന്നാണ് ജീവിതത്തെ നയിക്കേ മാർഗ്ഗം ലഭിക്കുന്നത്. ഒരു മാറ്റം അനുഭവപ്പെടാതെ ഒരാൾക്ക് ഒന്നിനെയും ആരാധിക്കുവാൻ സാധ്യമല്ല. അനുസരണത്തിൽ വേരൂന്നിയതാണ് ആരാധന. നമ്മുടെ ജീവിതത്തോടുള്ള-താൽപര്യമാണ് ആരാധന. ആരാധന ഇല്ലെങ്കിൽ, നാം പിന്നോക്കം പോകുകയും മന്ദീഭവിക്കുകയും ചെയ്യും. ഒരാൾ തന്നെയും തന്റെ മുഴുവൻ ജീവിത ത്തെയും കൊു – ക്രിസ്തുവിന്റെ കർത്തൃത്വത്തോട് – പ്രതികരിക്കുന്നതാണ് ആരാധന. നമ്മുടെ ഞായറാഴ്ച്ചയാണ് നമ്മുടെ ആഴ്ച്ചയുടെ ദിവസങ്ങളെ നിർണ്ണയിക്കേത്. കാഴ്ച്ചക്കുള്ള അഭ്യാസം അല്ല ആരാധന.

വെളിപ്പാടുപുസ്തകത്തിന്റെ പരിശോധനയിൽനിന്നു, സ്വർഗത്തിന്റെ മുഖ്യ പ്രവൃത്തി ആരാധന ആണെന്നു നാം തീർച്ചപ്പെടുത്തുന്നു. ആരാധനയിൽകൂടി നമുക്ക് വരുവാനുള്ള സ്വർഗത്തെ കുറിച്ചു ഒരു രൂപം കിട്ടുന്നു. ഒരു പക്ഷെ നാം കഠിനമായി പരിശീലിക്കേ തു്.

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പ്

[1]ഈ ഭാഗത്തുള്ള സഹായത്തിന് ഡേവിഡ് റെക്റ്റിനിനോട് എഴുത്തുകാരൻ വളരെയധികം നന്ദി പ്രകടിപ്പിക്കുന്നു.